"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ജയേഷ്.പി., ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.954/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 22.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2607/2023/H&FWD തീയതി,തിരുവനന്തപുരം, 10-10-2023**

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.ജയേഷ്.പി., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച 17.06.2023 തീയതിയായ അപ്പീൽ - (Annexure A6).
3. OA(EKM) No.954/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 22.06.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കാത്തതിനെതിരെ ഡെർമറ്റോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജയേഷ്.പി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.954/2023 ഫയൽ ചെയ്യുകയുമുണ്ടായി . ഡോ.ജയേഷ്.പി. സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച് ആറ് ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ്

7491752

GOVERNMENT OF KERALA 2017-18

ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി ഡോ.ജയേഷിന്റെ അപ്പീൽ അപേക്ഷ പരിശോധിച്ചു.

3) 10 വർഷത്തെ സർവ്വീസിൽ 6 വർഷവും കണ്ണൂർ ജില്ലക്ക് പുറത്താണ് ജോലി ചെയ്തിരുന്നതെന്നും (വയനാട്, കോഴിക്കോട്) കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിയമനം ലഭിച്ച ഡോ.ജ്യോതി സർവ്വീസിൽ കണ്ണൂർ ജില്ല വിട്ടു പോയിട്ടില്ല എന്നും വയനാട് ജില്ലയിൽ 3 വർഷം ജോലി ചെയ്തിട്ടുള്ളതിനാൽ പ്രത്യേക പരിഗണന നൽകി കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിയമനം നൽകണമെന്നും അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

4) കമ്മിറ്റി വിഷയം പരിശോധിക്കുകയുണ്ടായി. കണ്ണൂർ ജില്ലാ ആശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്കാണ് ഡോ.ജയേഷ്.പി. അപേക്ഷ നൽകിയത്. എന്നാൽ ടി രണ്ടു സ്ഥാപനങ്ങളിലും പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ കഴിയുന്ന ആരും തന്നെ ഇല്ലാത്തതാണ്. ആയതിനാൽ അപേക്ഷകന്റെ അപ്പീൽ നിരസിക്കാവുന്നതാണെന്ന് കമ്മിറ്റി ശിപാർശ ചെയ്തു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഡെർമറ്റോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജയേഷ്.പി. പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.954/2023-ന്മേലുള്ള 22.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.

മേലെഴുത്ത് നം. ഇ. എ - 5160/2023/ തീയതി 10.10.2023 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

[illegible]